**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 109** **22-02-2022 - ൽ മറുപടിയ്ക്ക്**

**സ്വർണ്ണക്കടത്ത് കേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ എം വിൻസെൻറ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തിരുവനന്തപുരം വിമാനത്താവളം വഴിയുള്ള സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട് കേന്ദ്ര ഏജൻസികൾ അന്വേഷണം തുടങ്ങിയ അവസരത്തിൽ കേസിലെ പ്രധാന പ്രതി ഒരു ഓഡിയോ ക്ലിപ്പ് മാധ്യമങ്ങളിലൂടെ പുറത്ത് വിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറിയുടെയും മറ്റൊരു പ്രതിയുടെയും നിർദ്ദേശാനുസരണം തയ്യാറാക്കിയതാണ് എന്ന് ടിയാൾ വെളിപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | നേരത്തെ ഓഡിയോ ക്ലിപ്പ് പുറത്തുവന്ന ഘട്ടത്തിൽ ക്രൈം ബ്രാഞ്ച് എടുത്ത കേസിനെ സംബന്ധിച്ച വിഷയം നിലവിൽ ബഹു. സുപ്രീംകോടതിയുടെ പരിഗണനയിലാണ്. |
| (ബി) | എങ്കിൽ പ്രസ്തുത വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ അന്വേഷണം ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | (എ) പിരിവിന്റെ മറുപടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് |
| (സി) | കേന്ദ്ര ഏജൻസികൾ അന്വേഷണം നടത്തുന്ന ഘട്ടത്തിൽ പ്രധാന പ്രതിയുടേതായി മറ്റൊരു ഓഡിയോ ക്ലിപ്പ് കൂടി പുറത്തുവന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറിയുടെയും പോലീസ് ഉദ്യോഗസ്ഥരുടെയും ഒത്താശയോടെ നടന്നതാണ് എന്ന് ടിയാൾ വെളിപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | (എ) പിരിവിന്റെ മറുപടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് |
| (ഡി) | സ്വർണക്കടത്ത് കേസ് അട്ടിമറിക്കുന്നതിന് വേണ്ടി മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറിയും പോലീസും ജയിൽ വകുപ്പും ചേർന്ന് ഗൂഢാലോചന നടന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (ഡി) | (എ) പിരിവിന്റെ മറുപടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് |
| (ഇ) | സ്വർണ്ണക്കടത്ത് കേസിന്റെ അന്വേഷണം അട്ടിമറിക്കാൻ ഉന്നതതല ഗൂഢാലോചന നടന്നു | (ഇ) | (എ) പിരിവിന്റെ മറുപടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് |

| | | | |
|---|---|---|---|
| | എന്ന ആക്ഷേപത്തിന്മേൽ അന്വേഷണം നടത്തുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ